പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5574 25/10/2011 ൽ മറുപടിയ്ക്ക്

## ചേലക്കര, വരവൂർ ഐ.റ്റി.സി.യുടെ നിർമ്മാണം

ചോദ്യം

ശ്രീ. കെ. രാധാകൃഷ്ണൻ

ഉത്തരം

ശ്രീ. എ.പി. അനിൽകുമാർ

(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചേലക്കര മണ്ഡലത്തിലെ വരവൂർ ഐ.റ്റി.സി.യുടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്നാണ് ഭരണാനുമതി നൽകിയതെന്നും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | 31/8/2010-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം 97/2010/പജപവവിവ പ്രകാരമാണ് വരവൂർ ഐ.റ്റി.സിയ്ക്ക് പ്രവർത്തനാനുമതി ലഭിച്ചത്. പ്രസ്തുത ഉത്തരവിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി 315 ലക്ഷം രൂപ അനുവദിച്ചിരുന്നു. കൂടാതെ ചുറ്റുമതിൽ നിർമ്മാണത്തിനായി 700000/-രൂപയും നിലവിലുള്ള കെട്ടിടത്തിന്റെ റീവയറിംഗ് ചെയ്യുന്നതിന് 24/3/2011-ലെ സർക്കാർ ഉത്തരവ് (കൈ) നം.333/2011/ പജപവവിവ ഉത്തരവ് പ്രകാരം 2,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഐ.റ്റി.സി.യുടെ കെട്ടിടങ്ങളുടെയും മറ്റടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | ചുറ്റുമതിൽ നിർമ്മാണത്തിനും റീവയറിംഗ് ചെയ്യുന്നതിനും പി.ഡബ്ല്യൂ.ഡി-യെയും, അക്കാദമിക്ക്, ഹോസ്റ്റൽ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ് ; | (സി) | റീവയറിംഗ് പൂർത്തീകരിച്ചു. ചുറ്റുമതിൽ നിർമ്മാണം 50% പൂർത്തീകരിച്ചു. പുതിയ കെട്ടിട നിർമ്മാണം ടെണ്ടർ ചെയ്ത് പണി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | നിർമ്മാണം ആരംഭിക്കുവാൻ കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (ഡി) | 19/1/2011-ലെ സർക്കാർ ഉത്തരവ് (സാധാ) നം.56/2011/പജപവവിവ പ്രകാരം നിർമ്മാണ ചുമതല കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ (KSCC) ഏൽപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അക്കാദമിക്ക്, ഹോസ്റ്റൽ കെട്ടിടങ്ങൾക്കുള്ള പ്ലാനും, എസ്റ്റിമേറ്റും സമർപ്പിക്കുകയും ആയത് അംഗീകരിച്ച് കെട്ടിട നിർമ്മാണാനുമതി നൽകുകയും ചെയ്തു. പ്രവൃത്തി ടെണ്ടർ ചെയ്ത് പണി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ഇ) | നിലവിൽ താൽക്കാലിക കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ഇ) | നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ